പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. T *569 — 27.10.2016 ൽ മറുപടിക്ക്

## കേന്ദ്ര സർക്കാരിന്റെ റെയിൽവേ നയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി<br>,, കെ.സുരേഷ് കുറുപ്പ്<br>,, വി. അബ്ദുറഹിമാൻ<br>,, കെ. ദാസൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) യാത്രാനിരക്കും കടത്തുകൂലിയും ബജറ്റിലൂടെയും അല്ലാതെയും അടിക്കടി വർദ്ധിപ്പിക്കുന്ന റെയിൽവേയുടെ നയം സംസ്ഥാനത്തെ യാത്രക്കാർക്കും ചരക്കുനീക്കത്തിനും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചരക്കു കൂലിയിൽ ഉണ്ടാകുന്ന വർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും ഉല്പാദന-നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് വിദൂരസ്ഥമെന്ന നിലയിലും വലിയ വിലവർദ്ധനവിനു കാരണമാകു മെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ തിരുത്താൻ ആവശ്യപ്പെടുമോയെന്ന് വിശദമാക്കുമോ;

(സി) അടിക്കടി നിരക്കു വർദ്ധനവ് നടപ്പാക്കുന്നതിനോടൊപ്പം നിക്ഷേപ വികസന പ്രവർത്തനങ്ങളിൽ നിന്ന് പിൻമാറുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുമോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ) യും (ബി) യും (സി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചരക്ക് കൂലിയിലും യാത്രക്കൂലിയിലും അടിക്കടി വർദ്ധനവ് നടപ്പാക്കുന്ന പ്രവർത്തനങ്ങളും നിക്ഷേപ വികസന പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറുകയും ചെയ്യുന്ന പ്രവർത്തനങ്ങളും പരിശോധിക്കുവാനും തിരുത്തുവാനും റെയിൽവേയോട് ആവശ്യപ്പെടുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. റെയിൽവേ പ്രീമിയം ട്രെയിനുകളിൽ നടപ്പാക്കിയ ഡയനാമിക് ഫെയർ സംവിധാനം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പ മന്ത്രി 08.09.216 ൽ റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഡയനാമിക് ഫെയർ സംവിധാനം 10% മുതൽ 50% വരെ നിരക്കു വർദ്ധനക്ക് കാരണമാകുന്നുവെന്നും ഓണംപോലെയുള്ള ആഘോഷവേളകളിൽ നാട്ടിലേക്ക് വരുന്ന മറുനാടൻ മലയാളികളെ ഇത് സാരമായി ബാധിക്കുന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ